(ഡി) ഇതിലൂടെ ഏതൊക്കെ പരിശോധനകൾ ഏതൊക്കെ രീതിയിൽ നടത്തുമെന്ന് അറിയിക്കുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള എല്ലാ പൊതുമരാമത്തു ജോലികളെക്കുറിച്ചും ഇത്തരത്തിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ-സി) പൊതുമരാമത്ത് വകുപ്പിലെ നിരത്തുകളും പാലങ്ങളും വിഭാഗത്തിനും ദേശീയപാതാ വിഭാഗത്തിനും കീഴിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും മോണിറ്ററിംഗ് നടത്തുവാൻ 3-1-2011-ൽ ഉത്തരവായിട്ടുണ്ട്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനവും കൊല്ലം നിയോജകമണ്ഡലത്തിലെ സോഷ്യൽ ഓഡിറ്റിംഗും 31-1-2011-ൽ കൊല്ലത്തുവച്ച് നടത്തി.

(ഡി) ഓരോ അസിസ്റ്റന്റ് എഞ്ചിനീയർമാരും ടിയാളുടെ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ വിവരങ്ങളും നടന്നുവരുന്ന നിർമ്മാണ പ്രവർത്തനം/അറ്റകുറ്റപ്പണികൾ എന്നിവയുടെ വിവരങ്ങളും പ്രത്യേകം പ്രൊഫോർമയിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട കരാറുകാരും /തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്/ചെയർപേഴ്സൺ, സ്ഥലം എം.എൽ.എ. എന്നിവരുടെ ഒപ്പോടുകൂടി ചീഫ് എഞ്ചിനീയർക്കും പകർപ്പ് മന്ത്രിക്കും സമർപ്പിക്കേണ്ടതാണ്.

(ഇ) പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ പ്രവർത്തികളും ഘട്ടംഘട്ടമായി സോഷ്യൽ ഓഡിറ്റിംഗിനു വിധേയമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

നഗര ജലവിതരണ പദ്ധതികൾ

12 (*222) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘകാലമായി പണി നടന്നുവരുന്ന ഏതൊക്കെ നഗരജലവിതരണ പദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികളുടെ നിർമ്മാണമാണ് ഈ വർഷംതന്നെ പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി സമയബന്ധിതമായ നടപടിക്രമത്തിന് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നഗര ജലവിതരണ പദ്ധതികൾക്കായി ഇതുവരെ ആകെ എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത പദ്ധതികൾ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതിന് ഇനിയും ആകെ എത്ര കോടി രൂപ ചെലവിടേണ്ടിവരുമെന്നാണ് കണക്കാക്കുന്നത് ;

(എഫ്) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതുമൂലം ആകെ എത്ര കോടി രൂപയുടെ അധികച്ചെലവ് വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത് ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ)

1. പാലാ ശുദ്ധജല വിതരണ പദ്ധതി
2. പുതുക്കാട് ടൗൺ ശുദ്ധജല വിതരണ പദ്ധതി
3. ഒല്ലൂർ ഇടക്കുന്നി ശുദ്ധജല വിതരണ പദ്ധതി
4. തൃശ്ശൂർ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം
5. ഡി.എഫ്.ഐ.ഡി. പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികളും ആലുവ ഹെഡ് വർക്ക്സിന്റെ 110 കെ.വി.സബ്സ്റ്റേഷന്റെ ബാക്കി ജോലികൾ
6. പാലക്കാട് നഗര ശുദ്ധജല വിതരണ പദ്ധതി - വിപുലീകരണം (ടാങ്ക് ഒഴികെ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്)
7. കൂത്തുപറമ്പ് ശുദ്ധജല വിതരണ പദ്ധതി
8. കോട്ടയം-പാട്യം ശുദ്ധജല വിതരണ പദ്ധതി
9. തലശ്ശേരി ശുദ്ധജല വിതരണ പദ്ധതിയുടെ ഇടക്കാല വിപുലീകരണം
10. ഷൊർണ്ണൂർ നഗര ശുദ്ധജല വിതരണ പദ്ധതി
11. ചേവൂർ മരത്താക്കര ശുദ്ധജല വിതരണ പദ്ധതി
12. നെയ്യാറ്റിൻകര ശുദ്ധജല വിതരണ പദ്ധതി വിപുലീകരണം

(ബി)

1. ഡി.എഫ്.ഐ.ഡി. പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികളും ആലുവ ഹെഡ് വർക്ക്സിന്റെ 110 കെ.വി. സബ്സ്റ്റേഷന്റെ ബാക്കി ജോലികളും

2. തലശ്ശേരി ശുദ്ധജല വിതരണ പദ്ധതിയുടെ ഇടക്കാല വിപുലീകരണം

3. പാലക്കാട് നഗര ശുദ്ധജല വിതരണ പദ്ധതി-വിപുലീകരണം (ടാങ്ക് ഒഴികെ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്.)

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 31.34 കോടി രൂപ

(ഇ) 110 കോടി രൂപ

(എഫ്) പദ്ധതി ഘടകങ്ങളുടെ ടെണ്ടറുകളിൽ ഉയർന്ന തുക കാട്ടു ചെയ്യുന്നതും ഷെഡ്യൂൾഡ് നിരക്കുകളുടെ വർദ്ധനവും കാരണം പദ്ധതികൾക്ക് അധികച്ചെലവ് വേണ്ടിവരാറുണ്ട്. എന്നാൽ പദ്ധതികൾ വിവിധ ഘട്ടങ്ങളി ലായതിനാൽ ഇത് എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടില്ല.

കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

13 (*223) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിദിനം ശരാശരി എത്ര ലക്ഷം യാത്രക്കാർ കെ.എസ്.ആർ. ടി.സി.-യെ ആശ്രയിക്കുന്നുണ്ട് ;

(ബി) സംസ്ഥാനത്ത് എത്ര ലക്ഷം വിദ്യാർത്ഥികൾക്ക് കൺസഷൻ ആനുകൂല്യം നൽകുന്നുണ്ട് ;

(സി) കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പലയിടങ്ങളിലും ഇപ്പോഴുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് തുടങ്ങിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) പ്രതിദിനം 34 ലക്ഷം മുതൽ 36 ലക്ഷം വരെ യാത്രക്കാർ കെ.എസ്.ആർ.ടി.സി.-യെ ആശ്രയിക്കുന്നുണ്ട്.

(ബി) 2009-10-ലെ കണക്കനുസരിച്ച് 1.63 ലക്ഷം വിദ്യാർത്ഥികൾക്ക് കൺസഷൻ ആനുകൂല്യം നൽകുന്നുണ്ട്.

(സി&ഡി) യാത്രക്കാർക്കായി ചുവടെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് :

1. 2651 പുതിയ ബസ് നിരത്തിലിറക്കി. 1188 പുതിയ ഷെഡ്യൂളുകൾ ആരംഭിച്ചു

2. 2006-ന് ശേഷം ആദ്യം നിരത്തിലിറക്കിയ 1000 ബസ്സിൽ 20 എ.സി. എയർബസ്, 30 സൂപ്പർ ഡീലക്സ്, 3 വോൾവോ എന്നിവ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly